മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: യു. പി. യിൽനിന്നും, ബോംബെയിൽനിന്നുമാണ്.

മിസ്റ്റർ എം. കെ. തോമക്കുട്ടി: മദ്രാസ്സിലൊഴികെ മറ്റു വല്ല രാജ്യങ്ങളിലും കൊടുക്കുന്നതായിട്ട് അറിയാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: വേറെ കൊടുക്കുന്നില്ലെന്നാണ് എന്റെ അറിവ്.

മിസ്റ്റർ എം. കെ. തോമക്കുട്ടി: ഇതു് ഇറക്കുമതിചെയ്യുന്ന യു. പി., ബോംബെ മുതലായ സ്ഥലങ്ങളിൽ ഉപയോഗിക്കുന്നവരുടെ ആരോഗ്യത്തിനു് ഹാനികരമായിത്തീർന്നിട്ടുണ്ടോ എന്നതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

Mr. K. Balakrishna Menon *(Minister for Food and Education):* I do not know whether the people of those countries have become immune to this by constant use, but it cannot be the case here in Cochin.

COCHIN HOUSE AT NEW DELHI—LETTING OF

110. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെന്റു് സദയം മറുപടി പറയുമോ.—

(എ) ഡെൽഹിയിലുള്ള കൊച്ചിൻ ഹൌസ്സ് ആർക്കെങ്കിലും വാടകക്കു കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്കാണ്;

(സി) പ്രതിവർഷം എന്തു വാടകക്കാണ്;

(ഡി) എത്രകാലത്തേക്കാണ് കൊടുത്തിട്ടുള്ളതു;

(ഇ) മേൽപ്പറഞ്ഞതുപോലെ ചെയ്യണമെങ്കിൽ എന്താണു് വ്യവസ്ഥ;

(എഫ്) കൊച്ചി ഗവണ്മെന്റാവശ്യാർത്ഥം പോകുന്ന ഉദ്യോഗസ്ഥന്മാർക്കു ഡെൽഹിയിൽ ചെന്നാൽ അവിടെ താമസിക്കുന്നതിനു സൌകര്യമുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ഉവ്.

(ബി) ഇൻറർ നാഷണൽ ലേബർ ഓഫീസ്സ് ഡയറക്ടർക്ക്.

(സി) 1,800 രൂ.

(ഡി) മൂന്നു കൊല്ലത്തേക്ക്.

(ഇ) വ്യവസ്ഥയൊന്നും ചെയ്തിട്ടില്ല.

(എഫ്) കൊച്ചിൻ ഹൌസ്സിനോടു് അനുബന്ധിക്കുന്ന വേറെ ഒരു കെട്ടിടത്തിൽ താമസസൌകര്യമുണ്ട്.

DIGGING OF WELLS—INFORMATION REGARDING

111. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെന്റു് സദയം മറുപടി പറയുമോ. —

അധഃകൃത വകുപ്പിൽനിന്നു് ഇക്കൊല്ലം പുതിയ കിണറുകൾ കഴിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതു് പഞ്ചായത്തു ഡിപ്പാർട്ടുമെന്റുവഴിയാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതു് പഞ്ചായത്തു ഡിപ്പാർട്ടുമെന്റിൽനിന്നും മാറിയായിട്ടു നടത്തുന്നുണ്ടോയെന്നുള്ളതിനെപ്പറ്റി ഗവണ്മെന്റു് അന്വേഷിക്കാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അന്വേഷിക്കാം.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതിനുവേണ്ടി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള സംഖ്യ ലാപ്സ്സായി പോയിട്ടുള്ളതു് ഗവണ്മെന്റിന്നറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പോയിട്ടുണ്ട്.

മിസ്റ്റർ കെ. കെ. കണ്ണൻ: കിണറുകൾ കഴിപ്പിക്കാത്തതായിട്ടുള്ള സ്ഥലങ്ങൾ ഏവിടെയാണെന്നുള്ളതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അന്വേഷിക്കാം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഈ വക പണികൾ അധഃകൃതഡിപ്പാർട്ടുമെന്റിൽനിന്നുതന്നെ നേരിട്ടു നടത്തിക്കുവാൻ സാധിക്കുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇതിനെ സംബന്ധിച്ചുള്ള പണികൾ നടത്തിക്കുവാൻ അധികൃതർക്കുദ്ദേശമുണ്ടെങ്കിൽ, ആവശ്യമായ വിദഗ്ദ്ധന്മാരും ഉപകരണങ്ങളും ഇല്ലാത്തതുകൊണ്ടാണ് പഞ്ചായത്തു ഡിപ്പാർട്ടുമെന്റിനെക്കൊണ്ടു നടത്തിക്കുന്നത്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഈ വകയ്ക്ക് പഞ്ചായത്തിനെ ഏർപ്പിക്കുന്ന തുക മുന്നു കൊല്ലങ്ങളായി ലാപ്സായി പോകുന്നു, പണികൾ നടക്കുന്നില്ല എന്നറിഞ്ഞിട്ടും വീണ്ടും പഞ്ചായത്തിനെ ഏർപ്പിക്കാതെ ഈ പണികൾ നടത്തുവാൻ സംക്ഷണഡിപ്പാർട്ടുമെന്റിനെന്തെന്നു എല്ലിച്ചുകൂടെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇപ്പോഴെയുള്ള വർക്കുകൾ നടത്തുവാൻ വിദഗ്ദ്ധന്മാരായിട്ടുള്ള ഉദ്യോഗസ്ഥന്മാർ പഞ്ചായത്തിന്റെ കീഴിലാണുള്ളത്. ഈ തുക ഡിപ്പാർട്ടുമെന്റും തന്നെ ഗവണ്മെന്റിന്റെ കീഴിൽതന്നെയുള്ളതാണ്. അപ്പോൾ ഇതു വേർതിരിക്കേണ്ടതായ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

INDUSTRIAL SCHOOLS—PARTICULARS OF

112. Mr. P. Mani *(Kanayannur)*: Will Government be pleased to state,—
(a) the number of Industrial Schools in the State;
(b) the number of students in each school;
(c) the number of teachers in each school;
(d) the expenditure met by Government for running these schools?

Mr. K. Balakrishna Menon *(Minister for Food and Education)*:
(a) There are 21 Government Industrial Schools and 17 Aided Industrial Schools.
(b) List attached. Please see column 3—List of schools.
(c) Please see column 4 of the list.
(d) Please see column 5 of the list. *(Appendix III)*

മിസ്റ്റർ പി. മാണി: സർ, ഈ Appendix-ൽ പറഞ്ഞിട്ടുള്ള കണക്കുകൾ ഞാൻ നോക്കിയതിൽ ഇതിൽനിന്നും കാണുന്നു സർക്കാർസ്കൂളിൽ പഠിക്കുന്ന ഒരു കുട്ടിക്കുവേണ്ടി ഒരു കൊല്ലം ചിലവുചെയ്യുന്ന സംഖ്യ ₹ 75 ₹ 6 ½ കൊ. യും അതേസമയം aided school കളിൽ പഠിക്കുന്ന ഒരു കുട്ടിക്ക് ചെയ്യുന്ന ചിലവ് ₹ 61½ കൊ. യുമാണ്. ഇത്ര വലിയ ഒരു വ്യത്യാസം കാണുവാനുള്ള കാരണമെന്താണ്? ഡിയർനസ്സ് അലവൻസ്സ് aided school-ലും കൊടുക്കുന്നുണ്ടോ?

Mr. K. Balakrishna Menon *(Minister for Food and Education)*: I don't catch the spirit of the question.

മിസ്റ്റർ പി. മാണി: ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റിലുള്ള Aided School അദ്ധ്യാപകന്മാർക്ക് എന്തെങ്കിലും കൊടുക്കുന്നതായി പറയുന്നോ?

Mr. K. Balakrishna Menon *(Minister for Food and Education)*: I can only say that in this matter, presumably the Government have to meet a higher establishment charge in the case of Government schools.

മിസ്റ്റർ പി. ടി. ജേക്കബ്: അതൊന്ന് അന്വേഷിച്ചു അവരുടെ സങ്കടത്തിനു ഒരു പരിഹാരം ഉണ്ടാക്കുവാൻ ശ്രമിക്കുമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ആലോചിക്കാം.

മിസ്സിസ്സ് കെ. എം. ജി. മേനോൻ: Appendix—3-ൽ "S. R. K. G. Vidya Mandir, Vilangans" എന്നുള്ളിൽ നാല് കുട്ടികളും രണ്ടു ടീച്ചർമാരും ഉണ്ട്. അതിനു ഗ്രാന്റ് കൊ. മാത്രമേ അനുവദിച്ചുകാണുന്നുള്ളൂ. എന്നാൽ അതിലും കുറവായിട്ടുള്ള സ്കൂളുകൾക്ക് കൂടുതൽ സംഖ്യ അനുവദിച്ചിട്ടുണ്ട്. അപ്പോൾ ഇതിനുമാത്രം ഗ്രാന്റ് കുറയ്ക്കുവാനുള്ള കാരണം എന്താണ്?

മിസ്റ്റർ കെ ബാലകൃഷ്ണമേനോൻ: എന്താണ് കാരണമെന്നുള്ളത് ഇപ്പോൾ പറയുവാൻ സാധ്യമല്ല. അതിൽ എന്തെങ്കിലും അനീതിയുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

Mr. S. P. Luiz *(Nominated)*: In appendix III Chev. C. P. Luiz Memorial School, Ernakulam—item six, it is shown that grant was suspended. Can you tell me how long this grant was suspended?

Mr. K. Balakrishna Menon *(Minister for Food and Education)*: I want notice.

LIBRARY ARCHIVES Kerala Legislative Assembly